# ‘ഞാൻ യഹോവ’

## യെഹെസ്കേൽ 38:23

“ഇങ്ങനെ ഞാൻ എന്നെത്തന്നേ മഹത്വീകരിക്കുകയും എന്നെത്തന്നേ വിശുദ്ധീകരിക്കുകയും പല ജാതികളും കാൺകെ എന്നെത്തന്നേ വെളിപ്പെടുത്തുകയും ഞാൻ യഹോവ എന്നു അവർ അറിയുകയും ചെയ്യും.”

യെഹെസ്കേൽ പ്രവചനത്തിലെ ഈ അദ്ധ്യായത്തിൽ ദൈവം തന്റെ ജനത്തെ ശത്രുസംഹാരം നടത്തി എപ്രകാരം വിടുവിക്കും എന്നു വിവരിച്ചിരിക്കുന്നു. യെശയ്യാവു 54:17 ൽ പറയുന്നതു പോലെ “നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കുകയില്ല; ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേൽക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും; യഹോവയുടെ ദാസന്മാരുടെ അവകാശവും എന്റെ പക്കൽനിന്നുള്ള അവരുടെ നീതിയും ഇതു തന്നേ ആകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു.” അതെ യഹോവയാം ദൈവത്തിന്റെ ദാസന്മാരും, മക്കളെന്നുള്ള അവകാശവുമുള്ള ഓരോരുത്തർക്കുമെതിരെ ഉയർന്നുവരുന്ന; അത് ഏത് ജാതിയായിക്കൊള്ളട്ടെ, രാജ്യമായിക്കൊള്ളട്ടെ, വ്യക്തികളായിക്കൊള്ളട്ടെ; അവർക്കെല്ലാം നേരിടേണ്ടിവരിക ദൈവത്തിന്റെ ഉഗ്രകോപമായിരിക്കും എന്ന് ദൈവം ഒരു മുന്നറിയിപ്പു നൽകുന്നു.

ദൈവത്തെയും അവന്റെ വിശുദ്ധിയെയും ഒരിക്കലും ഒരു മനുഷ്യമനസ്സിനോ അവന്റെ കണ്ടുപിടുത്തങ്ങൾക്കോ ഒന്നും വിവേചിക്കാൻ കഴിയുന്ന ഒന്നല്ല. കാരണം ഒരിക്കലും ഒരു സൃഷ്ടിക്ക് സൃഷ്ടാവിനോട് അവന്റെ സൃഷ്ടിയെ ചൊല്ലി വാദിക്കുവാനോ അതിന്റെ മേന്മയിൽ പങ്ക് ചേരുവാനോ സാധ്യമല്ല. അതുപോലെ തന്നെയാണ് ഈ പ്രപഞ്ചത്തിലെ ഓരോന്നിന്റെയും അവസ്ഥയും. ദൈവസൃഷ്ടിയായ നാമോരോരുത്തരും അവനെ അനുസരിച്ച് അവന്റെ വിശുദ്ധിക്കും അവന്റെ ഹിതത്തിനും ഒത്തവണ്ണം ജീവിക്കുക. മറിച്ച് അവനെ നമ്മുടെ കഴിവിനാൽ അളക്കുവാനോ അതിൽ അഭിപ്രായം ആരായുവാനോ ഒന്നും നാം അർഹരല്ല. അവനെ ആദരിക്കാത്തവരെല്ലം അതിൽ ക്ലേശിക്കേണ്ടിവരും. എന്നാലോ ദൈവം അവന്റെ മക്കളുടെ മേൽ അവന്റെ കണ്ണ് വെച്ചിരിക്കുന്നു. ആയതിനാൽ നാം കുറ്റമില്ലാത്തവരായി കാണപ്പെടുവാൻ അവൻ ആഗ്രഹിക്കുന്നു. അവന്റെ വിശുദ്ധിക്കൊത്തവണ്ണം നാമും വിശുദ്ധിയുള്ളവരായിരിപ്പാൻ അവൻ ആഗ്രഹിക്കുന്നു.

എന്നാൽ നാം ഒരുകാര്യം മറക്കാതെ നിരന്തരം ഓർമ്മിക്കുന്നത് നന്നായിരിക്കും. സാത്താൻ തന്റെ വേല പൂർവ്വാധികം ശക്തിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. അവൻ അവിശ്വാസികളുടെ സമൂഹത്തെ എന്നപോലെ അതിലും അധികമായി വിശ്വാസ സമൂഹത്തിലാണ് കൂടുതലായി അവന്റെ പ്രവർത്തനം നടത്തുന്നത്. കാരണം അവിശ്വാസികളെക്കാൾ ഉപരിയായി ദൈവത്തിൽ നിന്ന് അകലുന്ന വിശ്വാസികളെയാണ് അവന്നു താത്പര്യം. മറ്റൊരുതരത്തിൽ പറഞ്ഞാൽ 100 അവിശ്വാസികളെ ദൈവത്തിലേക്കുള്ള പാതയിൽ നിന്നു മാറ്റുന്നതിന്നു തുല്ല്യമായിട്ടായിരിക്കും അവൻ ഒരു വിശ്വാസിയെ ദൈവത്തിൽ നിന്നകറ്റുന്നത് കണക്കിട്ടിരിക്കുന്നത്. ദൈവം ആരെന്നതും അവന്റെ മഹിമയെയും വിശുദ്ധിയെയും എല്ലാം ഫലശൂന്യമാക്കുന്ന തരത്തിലുള്ള ചിന്തകളാലും പ്രവർത്തനങ്ങളാലും അവൻ പല തന്ത്രങ്ങളും നമ്മിൽ പയറ്റും. എന്നാൽ ദൈവപൈതലെ നീ ഓർത്തുകൊള്ളുക, ദൈവം അതിമഹാനും, അതിവിശുദ്ധനും, അവന്റെ ശക്തിയും ബുദ്ധിയുമെല്ലാം മനുഷ്യനോ അവന്റെ ഒരു സൃഷ്ടിക്കുപോലും വിവേചിപ്പാൻ സാധ്യമായതോ അല്ല. എന്തിന് സാത്താനുപോലും പിടികിട്ടാത്ത അത്ര ആഴത്തിൽ വ്യാപിച്ചു കിടക്കുന്ന നമ്മുടെ ദൈവത്തിന്റെ ബുദ്ധിയെയും ശക്തിയെയും വിശുദ്ധിയെയുമെല്ലാം വർണ്ണിപ്പാൻ നാമേതുമില്ല എന്നു ഓർക്കണം.

മലാഖി 3:6 ൽ ഇപ്രകാരം പറയുന്നു, "യഹോവയായ ഞാൻ മറാത്തവൻ." അതെ അവൻ ഒരുനാളും മാറാത്തവനായ ദൈവമാണ്. അവൻ വാക്കു പറഞ്ഞാൽ മാറാത്ത വിശ്വസ്ഥനായ നല്ല സഖിയാണ്. ആയതിനാൽ അവൻ സ്വന്തപുത്രനെ ആദരിയാതെ ഈ ലോകത്തെ രക്ഷിപ്പാൻ ക്രൂശിൽ ഏൽപ്പിച്ചുകൊടുത്തു. എന്നാൽ അവന്റെ മാറാത്ത വചനങ്ങളാൽ നമ്മെ ഓർമ്മിപ്പിക്കുന്നു, നമ്മുടെ രക്ഷിതാവും കർത്താവുമായ ക്രിസ്തു യേശു നമുക്കായി ക്രൂശിലേറി മരിച്ച് ഉയിർത്തെഴുന്നേറ്റ് ഇന്നും തന്റെ പിതാവിന്റെ വലഭാഗെ ജീവിച്ചിരിക്കുന്നു. അവൻ വീണ്ടും വരുമെന്നുള്ള ആ വാഗ്ദത്ത നിവൃത്തിക്കായി ഈ ലോകത്തെ ഒരുക്കിക്കൊണ്ടിരിക്കുന്നു. അവൻ അന്നു ഭൂവിൽ അവതരിച്ചതുപോലെ ഒരു പൈതലായിട്ടല്ല, മറിച്ചോ ദൈവത്തിന്റെ പൂർണ്ണ അധികാരമുള്ള സർവ്വ സൈന്യത്തിന്റെയും നായകനും, രാജാധിരാജാവും, ഈ ലോകത്തെ ഭരിക്കുന്നവനുമായ മഹാരാജാവായി എഴുന്നുള്ളുവാനുള്ള സമയത്തിന്നായി നമുക്ക് കാത്തിരിക്കാം. അന്നാളിൽ ദൈവം തന്റെ ജനത്തെ അവരുടെ ശത്രുക്കളിൽ നിന്നു വിടുവിച്ച് തന്നോട് ചേർക്കും. അന്നാളിൽ ഈ പ്രപഞ്ചം മുഴുവന്നും അവൻ ദൈവമെന്ന് തിരിച്ചറിയും.

ആ തിരിച്ചറിവു പ്രാപിച്ചവരായ നമുക്ക് അവനെ എതിരേൽപ്പാനായി ഒരുങ്ങി കാത്തിരിക്കാം. അതിന്നായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 107:6-9

അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന്നു അവൻ അവരെ ചൊവ്വെയുള്ള വഴിയിൽ നടത്തി. അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. അവൻ ആർത്തിയുള്ളവന്നു തൃപ്തി വരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ടു നിറെക്കുകയും ചെയ്യുന്നു.

ബ്രദർ ബിനു ബേബി ആലപ്പുഴ 031